**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
www.keralaeo.org Email: ombudsman.electricity@gmailgmail.com

**അപ്പീൽ പരാതി നമ്പർ : P/003/2023**

**(സാന്നിദ്ധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: ഫെബ്രുവരി 27, 2023**

| | | |
|---|---|---|
| പരാതിക്കാരൻ | : | ശ്രീമതി. ഉഷാകുമാരി. ബി.,<br>ചാരുവിള പുത്തൻവീട്,<br>കുളക്കട ഈസ്റ്റ് പി.ഒ.,<br>മലപ്പറ ഭാഗം,<br>കൊല്ലം ജില്ല - 691 521 |
| എതിർകക്ഷി | : | അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ,<br>ഇലക്ട്രിക്കൽ സബ് ഡിവിഷൻ,<br>കെ.എസ.ഇ.ബി. ലിമിറ്റഡ്, കൊട്ടാരക്കര,<br>കൊല്ലം ജില്ല. |

# ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

അപ്പീൽ പരാതി സമർപ്പിച്ചിട്ടുള്ള ശ്രീമതി. ഉഷാകുമാരി, കൊല്ലം ജില്ലയിൽ കുളക്കട പഞ്ചായത്തിൽ താമസക്കാരിയാണ്. കുളക്കട വില്ലേജിൽ സ്വന്തം പേരിലുള്ള 16.99 ആർ പുരയിടത്തിൻെറ മുൻപിൽ ലൈസൻസി(KSEBL) പോസ്റ്റുകൾ സ്ഥാപിച്ച് നിലവിലുള്ള ലൈൻ ഉയർത്തുകയുണ്ടായി. അതുവഴി പോകുന്ന KIP കനാലിൻെറ കരയിലുള്ള ബണ്ട് റോഡിനോട് ചേർന്നാണ് ഈ പുരയിടം. കനാൽ ബണ്ട് ഉയർന്നതായതിനാൽ സുരക്ഷ കണക്കിലെടുത്ത് ലൈൻ ഉയർത്തുന്നതിനുവേണ്ടിയാണ് പുതിയ രണ്ടു പോസറ്റുകൾ സ്ഥാപിച്ചത്. ഈ പുതിയതായി സ്ഥാപിച്ച പോസ്റ്റുകൾ മാർഗ്ഗതടസ്സം സൃഷ്ഠിക്കുന്നതിനാൽ ഈ പുരയിടത്തിലേക്കുള്ള വാഹന ഗതാഗതം തടസ്സപ്പെട്ടിരിക്കുന്നു. ആയതിനാൽ ഈ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ലൈസൻസിയെ സമീപിക്കുകയും, ലൈസൻസി Rs.4,283/- അടച്ചാൽ പോസ്റ്റുകൾ മാറ്റാൻ തയ്യാറാണെന്ന് അറിയിക്കുകയും ചെയ്തു. കൂലിപ്പണിക്കാരായ നിർദ്ധന കുടുംബമായതിനാൽ അവർക്ക് തുക അടയ്ക്കാൻ നിവൃത്തിയില്ല. ലൈസൻസിയുടെ ചെലവിൽ മാറ്റി സ്ഥാപിക്കണമെന്നാണ് ആവശ്യം.

അങ്ങനെ CGRF-ന് പരാതി നൽകുകയും, CGRF പരാതിക്കാരിയുടെ ചെലവിൽ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കണമെന്ന് ഉത്തരവിടുകയും ചെയ്തു.

CGRF-ൻെറ ഉത്തരവിനുള്ള അപ്പീലായിട്ടാണ് പരാതിക്കാരി ഓംബുഡ്സ്മാനെ സമീപിച്ചിരിക്കുന്നത്.

## പരാതിക്കാരിയുടെ വാദം

അപ്പീൽ പരാതിക്കാരി വീടുപണി തുടങ്ങാൻ ഇരിക്കുന്ന സ്വന്തം പേരിലുള്ള പുരയിടത്തിൻെറ മുൻപിൽ സാധന സാമഗ്രികൾ കൊണ്ടുവരുന്നതിനും JCB മുതലായ ഉപകരണങ്ങൾ ഉപയോഗിച്ച് പണി നടത്തുന്നതിനും തടസ്സമായി കുളക്കട ലൈസൻസി(KSEBL) ഉദ്യോഗസ്ഥർ പരാതിക്കാരിക്ക് തടസ്സമുണ്ടോ എന്നു ചോദിക്കാതെ രണ്ട് കോൺക്രീറ്റ് പോസ്റ്റുകൾ സ്ഥാപിക്കുകയുണ്ടായി. ഈ കാരണം കാണിച്ച് KSEB-യുടെ കുളക്കട അസിസ്റ്റൻറ് എൻജിനീയർക്കും, കൊട്ടാരക്കര KSEB എക്സിക്യൂട്ടീവ് എൻജിനീയർക്കും പരാതി നൽകുകയുണ്ടായി. എന്നാൽ യാതൊരുവിധ നടപടിയും ഉണ്ടായില്ല. പരാതിക്കാരിയുടെ വീടുപണി ഇതുമൂലം തടസ്സപ്പെട്ടിരിക്കുന്നു. ആയതിനാൽ, എത്രയും വേഗം പരാതിക്കാരിയുടെ വസ്തുവിന് തടസ്സമായി നിൽക്കുന്ന KSEB-യുടെ പോസ്റ്റുകൾ മാറ്റി തരണമെന്ന് പരാതിക്കാരി അപേക്ഷിച്ചിരിക്കുന്നു. പരാതിക്കാരിയും ഭർത്താവും തൊഴിലുറപ്പു തൊഴിലാളികളാണ്. മറ്റ് ഉപജീവന മാർഗ്ഗങ്ങൾ ഒന്നുംതന്നെ ഇല്ല.

പരാതിക്കാരി തൊഴിലുറപ്പു സൈറ്റിൽ ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ, കുളക്കട ഇലക്ട്രിസിറ്റി ഓഫീസിൽ നിന്നും രണ്ട് ഉദ്യോഗസ്ഥർ വരികയും, പോസ്റ്റുകൾ മാറ്റാനുള്ള ഫോറം ആണെന്നു പറഞ്ഞ് ഒരു ഫോറമിൽ ഒപ്പിടീക്കുകയും ഒരു ഫോറം പരാതിക്കാരിക്ക് നൽകുകയും ചെയ്തു. വീട്ടിൽ വന്ന് കണ്ണട ഉപയോഗിച്ച് ഫോറം വായിച്ചു നോക്കിയപ്പോഴാണ് അതിൻെറ ഉള്ളടക്കം മനസ്സിലായത്. അതിൽ പറഞ്ഞിരിക്കുന്ന പണം അടക്കുന്നതിനും side wall കെട്ടുന്നതിനും പരാതിക്കാരിക്ക് സാമ്പത്തിക ബുദ്ധിമുട്ടുള്ളതാണ്. പരാതിക്കാരിയെ തെറ്റിദ്ധരിപ്പിച്ച് ഒപ്പ് ഇടീപ്പിച്ച KSEB-യുടെ ഉദ്യോഗസ്ഥർ ചെയ്ത നടപടി വഞ്ചനാപരമാണെന്നും, പോസ്റ്റുകൾ മാറ്റി തരണമെന്നും അപേക്ഷിച്ചിരിക്കുന്നു.

## എതിർകക്ഷിയുടെ വാദം

CGRF-ൻെറ OP No. 51/2022 ഉത്തരവിൻെറ അടിസ്ഥാനത്തിൽ ഈ പരാതി നിയമ പ്രകാരം നിലനിൽക്കുന്നതല്ല. എന്നിരുന്നാലും, താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിച്ചുകൊള്ളുന്നു.

ലൈസൻസി(KSEBL)-യുടെ കുളക്കട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലെ ഉദ്യോഗസ്ഥർ രണ്ട് ഇലക്ട്രിക് പോസ്റ്റുകൾ KIP കനാലിൻെറ കരയിലുള്ള ബണ്ട്

റോഡിനോട് ചേർന്ന് സ്ഥാപിക്കുകയുണ്ടായി. സുരക്ഷ കണക്കിലെടുത്ത് ലൈൻ ഉയർത്തുന്നതിനുവേണ്ടിയാണ് പുതിയ രണ്ടു പോസറ്റുകൾ സ്ഥാപിച്ചത്. കനാലിലെ മണ്ണും അവശിഷ്ടങ്ങളും കനാലിൻെറ കരയോടു ചേർത്ത് കൂട്ടിയിരുന്നത് ഏകദേശം 2.5 M ഉയരത്തോളം കുന്നുകൂടിയിരുന്നതിനാൽ, ഉയർന്ന പ്രദേശത്തുകൂടി യാത്രചെയ്യുന്നത് ഇലക്ട്രിക് ലൈനിൽ തൊടുവാനുള്ള സാദ്ധ്യത കണക്കാക്കി, സുരക്ഷിതത്വ കാരണങ്ങളാലാണ് ഇങ്ങനെ ചെയ്യേണ്ടി വന്നത്. പരാതിക്കാരിയും മറ്റ് പൊതുജനങ്ങളും ഈ വഴി നടപ്പാതയായി ഉപയോഗിക്കുന്നുവെന്നത് പ്രത്യേകം പരിഗണിക്കേണ്ടതാണ്.

21-07-2022-ൽ ഒരു പരാതി എതൃകക്ഷിക്കു സമർപ്പിക്കുകയും, എതൃകക്ഷി പരാതിക്കടിസ്ഥാനമായ എന്തെങ്കിലും ഉണ്ടെങ്കിൽ പരിഹരിയ്ക്കുവാനായി സ്ഥലം സന്ദർശിക്കുകയുമുണ്ടായി. തർക്ക വിഷയമായ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണമെങ്കിൽ അവിടെ കുന്നുകൂടി കിടക്കുന്ന മണ്ണ് മാറ്റേണ്ടതുണ്ടെന്നാണ് പരിശോധനയിൽ നിന്നും മനസ്സിലായത്. പുതിയതായി സ്ഥാപിച്ച പോസറ്റുകൾ, പരാതിക്കാരിയുടെ ആവശ്യ പ്രകാരം അവിടെയുള്ള മണ്ണ് മാറ്റാതെ നീക്കുന്നുവെങ്കിൽ അതുവഴി യാത്ര ചെയ്യുന്നവർക്ക് അപകടത്തിൽപ്പെടുവാൻ സാദ്ധ്യതയുണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ റഗുലേഷൻ 95 പ്രകാരം ആണ് ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥർ പ്രവർത്തിച്ചിട്ടുള്ളത്. പരാതിക്കാരിയുടെ സ്ഥലത്തിൻെറ പരിധിയിൽ ഒരു താങ്ങു ഭിത്തി നിർമ്മിച്ച് തർക്ക വിഷയമായ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാമെന്ന നിർദ്ദേശം പരാതിക്കാരിക്ക് നൽകി. ഇതിനായി വരുന്ന ചിലവുകൾ പരാതിക്കാരി വഹിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു. CGRF ഉത്തരവിൽ ഈ നിർദ്ദേശം പ്രത്യേകം പരാമർശിച്ചിട്ടുള്ളതുമാകയാൽ പരാതിക്കാരിയുടെ അപ്പീലിന് യാതൊരു ന്യായീകരണവും ഇല്ല.

പരാതി പരിഹാരത്തിന്, KSEB-യുടെ ഉദ്യോഗസ്ഥർ എല്ലാവിധ പരിഹാര നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും, കൂടാതെ പോസ്റ്റുകൾ സ്ഥാപിച്ചിരിക്കുന്നത് കനാലിൻെറ കരയിലുള്ള ബണ്ട് റോഡിലാണെന്നും അല്ലാതെ പരാതിക്കാരിയുടെ വസ്തുവിലല്ലെന്നും എതൃകക്ഷി ബോധിപ്പിച്ചിരിക്കുന്നു.

മേൽ പ്രസ്താവിച്ച വസ്തുതകളുടേയും പ്രസ്താവനകളുടേയും അടിസ്ഥാനത്തിൽ ഈ പരാതി എത്രയും വേഗം എതിർകക്ഷിക്ക് അനുകൂലമായി തീർപ്പാക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

**<u>അവലോകനം</u>**

ഈ കേസിൻെറ വാദം 22-02-2023-ൽ ഓംബുഡ്സ്മാൻെറ എറണാകുളത്തുള്ള ഓഫീസിൽ വച്ച് കേൾക്കുകയുണ്ടായി. പരാതിക്കാരിക്കുവേണ്ടി ഭർത്താവ് ശ്രീ. എസ്സ്. മോഹനൻ പിള്ളയും എതിർകക്ഷിക്കു വേണ്ടി ശ്രീ. അജിത്കുമാർ. ജി.ആർ, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കൊട്ടാരക്കരയും പങ്കെടുത്തു.

പരാതിക്കാരിയുടെ പുരയിടത്തിനു സമീപത്തുകൂടിയാണ് KIP കനാൽ കടന്നുപോകുന്നത്. ഈ കനാൽ കുഴിച്ച മണ്ണുകൊണ്ട് കനാലിൻെറ ഇരുവശവും റോഡ് നിർമ്മിച്ചിട്ടുണ്ട്. ഈ കനാലിൻെറ ഒരു കരയിലുള്ള റോഡിനോടു ചേർന്നാണ് പരാതിക്കാരിയുടെ പുരയിടം. ആ കനാൽ റോഡിലൂടെ വൈദ്യുതി ലൈൻ വളരെ മുൻപേ സ്ഥാപിച്ചിട്ടുള്ളതാണ്. കനാലിൽനിന്ന് വീണ്ടും ഈ റോഡിലേക്ക് മണ്ണ് ഇട്ടപ്പോൾ റോഡ് ഉയരുകയും അങ്ങനെ നിലവിലുള്ള വൈദ്യുത ലൈനിന് തറയിൽനിന്നുമുള്ള ക്ലിയറൻസ് കുറയുകയും ചെയ്തു. അങ്ങനെയുണ്ടാകാനിടയുള്ള അപകടം ഒഴിവാക്കുന്നതിനു വേണ്ടി ലൈസൻസി നിലവിലുണ്ടായിരുന്ന പോസ്റ്റുകൾക്കിടയിൽ വീണ്ടും പോസ്റ്റുകൾ സ്ഥാപിച്ച് ലൈനിനെ ഉയർത്തുകയുണ്ടായി. നിലവിൽ കനാൽ റോഡ് പുരയിടത്തിൽനിന്നും ഏകദേശം 1.5 മീറ്ററോളം ഉയരത്തിലണെന്നാണ് പരാതിക്കാരി പറയുന്നത്. ഇങ്ങനെ ഉയരത്തിലായതിനാൽ പുതുതായി സ്ഥാപിച്ച പോസ്റ്റുകൾ കനാൽ റോഡിലേക്ക് കയറ്റിയാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ പോസ്റ്റുകൾ വന്നപ്പോൾ ഈ കനാൽ റോഡിൻെറ വീതി കുറയുകയും വാഹന ഗതാഗതത്തിന് തടസ്സമാകുകയും ചെയ്തു. ഇതുമൂലം മേൽ വസ്തുവിലേക്ക് വാഹനങ്ങൾ വരുന്നതിന് നിവൃത്തിയില്ല. ഈ പുരയിടത്തിൽ ഒരു വീടുണ്ടാക്കണമെന്ന ആഗ്രഹവും ഈ തടസ്സം മൂലം പ്രാവർത്തികമാകുന്നില്ല.

പരാതിക്കാരി ലൈസൻസിക്ക് പോസ്റ്റുകൾ മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കുകയും, സ്ഥല പരിശോധനയ്ക്കുശേഷം പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടി ചെലവ് Rs.4,283/- ആകുമെന്ന് പരാതിക്കാരിയെ അറിയിക്കുന്നു. ഇളക്കിയിട്ടിരിക്കുന്ന മണ്ണായതിനാൽ പോസ്റ്റുകൾ മറിഞ്ഞുപോകാതിരിക്കാൻ ഒരു കോൺക്രീറ്റിൽ ഇതു ഉറപ്പിക്കേണ്ട ജോലിയും പരാതിക്കാരി ചെയ്തുകൊടുക്കേണ്ടതുണ്ട് എന്നറിയിച്ചു. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014ൻെറ സെക്ഷൻ 95 പ്രകാരം ഇത്തരം പണികൾ നടത്തേണ്ടതിനെക്കുറിച്ച് കീഴെ പ്രതിപാദിച്ചിരിക്കുന്നു.

Section 95 (1) The owner of the land or his successor in interest who has given right of way for the construction of an existing electric line or electrical plant over, under, along, across, in or upon the said land, may apply for shifting the electric line or electrical plant to any other portion of his land for genuine purposes.

Section 95 (2) The application for shifting the electric line or electrical plant shall be submitted in the local office of the licensee.

Section 95 (3) On receipt of the application the licensee shall inspect the site and assess the technical feasibility of the proposed shifting.

Section 95 (4) The application for shifting an electric line or electrical plant shall be granted only if:-

(a) the proposed shifting is technically feasible; and

(b) the owner of the land or his successor in interest gives consent in writing to shift the electr9ic line or electrical plant to any other portion of his land or to any other land owned by him; or any alternate right of way along any public path way available for shifting the electric line and the electrical plant; and

"(c) the applicant shall remit the labour charges and material charges required for shifting the electric line or electric plant as estimated by the licensee as per the cost data approved by the Commission from time to time in accordance with the Regulation 33 of the Kerala Electricity Supply Code, 2014."

Section 95 (5) The licensee shall shift the electric line or electrical plant if the conditions specified in sub-regulation (4) are complied with by the applicant.

ഈ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനു വേണ്ടിയുള്ള ചെലവ് പരാതിക്കാരി വഹിക്കേണ്ടിയിരിക്കുന്നു. പരാതിക്കാരിക്ക് അതു വഹിക്കുവാനുള്ള സാമ്പത്തിക കഴിവില്ലെന്നും അത് ലൈസൻസിയുടെ ചെലവിൽതന്നെ ചെയ്യണമെന്നും ആവശ്യ-പ്പെടുകയുണ്ടായി. തൻെറ വസ്തുവിലേക്ക് പ്രവേശിക്കാൻ തടസ്സമാകത്തക്കരീതിയിൽ പോസ്റ്റ് തൻെറ അനുമതിയില്ലാതെ സ്ഥാപിച്ചതിനാൽ അതു മാറ്റേണ്ട ബാദ്ധ്യത ലൈസൻസിക്കാണെന്ന വാദമാണ് പരാതിക്കാരി ഉന്നയിച്ചത്. ഈ പോസ്റ്റുകൾ സ്ഥാപിച്ചിരിക്കുന്നത് കനാലിൻെറ കരയിലുള്ള ബണ്ട് റോഡിലാണെന്നും അതിനാൽ പരാതിക്കാരിയുടെ സമ്മതം ആവശ്യമില്ലെന്നുമുള്ള എതൃകക്ഷിയുടെ വാദം നിലനിൽക്കേതന്നെ ഗതാഗത തടസ്സമുണ്ടാക്കാത്ത രീതിയിലാണ് പോസ്റ്റുകൾ സ്ഥാപിക്കേണ്ടിയിരുന്നത്. ജലസേചനത്തിനുവേണ്ടി കനാലുകൾ സ്ഥാപിക്കമ്പോൾ അതിൽനിന്ന് എടുക്കുന്ന മണ്ണ് ഉപയോഗിച്ച് ഇരു കരകളിലും ഗതാഗത യോഗ്യമായി പാതകൾ സ്ഥാപിക്കപ്പെടുമ്പോൾ കനാലുകൾ നിമിത്തം മുറിഞ്ഞുപോയ പാതകൾക്കു പകരമായി പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നു. ഇവിടെ പുതുതായി സ്ഥാപിച്ച പോസ്റ്റുകൾ ഈ റോഡിനുള്ളിലേക്ക് കയറി കിടക്കുന്നതിനാലാണ് വാഹന ഗതാഗത തടസ്സം നേരിട്ടിരിക്കുന്നത്. ഇത് പരാതിക്കാരിക്ക് മാത്രമല്ല മറ്റുള്ളവർക്കും പൊതുവഴിയുടെ ഉപയോഗത്തിനു തടസ്സമായി വന്നിരിക്കുന്നു. ആ വഴിയിൽ മൺകൂന ഉയർന്നതിനാൽ വൈദ്യുത ലൈനും തറയുമായുള്ള അകലം കുറയുകയും അത് സുരക്ഷയെ ബാധിക്കാൻ സാദ്ധ്യതയുണ്ടെന്ന് കണ്ടെത്തിയതിനാലാണ് അധികമായി രണ്ടു പോസറ്റുകൾ സ്ഥാപിക്കേണ്ടി വന്നത്. മൺകൂന ഉറച്ച മണ്ണല്ലാത്തതിനാൽ പോസറ്റ് വഴിയിലേക്ക് കയറ്റി ഇടേണ്ടിവന്നു എന്നത് എതിർകക്ഷി സമ്മതിച്ചിരിക്കുന്നു. അത് വഴിയിലേക്ക് കടത്തിയിടുമ്പോൾ ഗതാഗത തടസ്സമില്ലായെന്നുറപ്പുവരുത്തേണ്ടതുണ്ടായിരുന്നു.

ഈ സ്ഥലം മുഴുവനായും, അതായത് കനാലും വശങ്ങളിലുള്ള പൊതുവഴിയും KIP-യുടെ ഉടമസ്ഥാവകാശത്തിലുള്ളതാണ്. ലൈസൻസി പോസറ്റ് സ്ഥാപിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അതും KIP-യുടെ സമ്മതപത്രം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. സ്ഥാപിച്ചിട്ടുള്ള ലൈനും അനുബന്ധ സംവിധാനങ്ങളും പരിസര ഭൂമിക്കു വരുന്ന വ്യതിയാനങ്ങൾക്കനുസരിച്ച് സുരക്ഷാമാനദണ്ഡങ്ങൾ മുൻനിർത്തി പൊതുജനങ്ങൾക്കു തടസ്സമില്ലാതെ മാറ്റി സ്ഥാപിക്കേണ്ടത് ലൈസൻസിയുടെ ഉത്തരവാദിത്വമാണ്.

## തീരുമാനം

ഈ കേസ് വിശദമായി പഠിക്കുകയും ചട്ടങ്ങളും നിയമങ്ങളും പരിശോധിക്കുകയും ചെയ്തതിൽനിന്ന് താഴെപ്പറയുന്ന തീരുമാനത്തിലെത്തുന്നു.

1) ഗതാഗതത്തിന് തടസ്സമില്ലാതെ പോസറ്റുകൾ മാറ്റി സ്ഥാപിക്കുകയോ നിലവിലുണ്ടായിരുന്ന പോസറ്റുകളുടെ ഉയരം കൂട്ടുകയോ ചെയ്ത് പരിഹാരം കാണേണ്ടതാണ്.
2) ഇത് ഒരു പൊതുവഴിയായതിനാലും പലരുടേയും ഗതാഗതത്തെ ബാധിക്കുന്ന പ്രശ്നവുമായതിനാലും ലൈസൻസിയുടെ ചെലവിൽ പോസറ്റുകൾ മാറ്റി സ്ഥാപിക്കേണ്ടതാണ്.

പരാതി മേൽപ്രകാരം തീർപ്പാക്കി ഉത്തരവായിരിക്കുന്നു.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

P/003/2023/ തീയതി .

അയക്കുന്നത്:

1) ശ്രീമതി. ഉഷാകുമാരി. ബി., ചാരുവിള പുത്തൻവീട്, കുളക്കട ഈസ്റ്റ് പി.ഒ., മലപ്പറ ഭാഗം, കൊല്ലം ജില്ല - 691 521
2) അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കെ.എസ.ഇ.ബി. ലിമിറ്റഡ്, കൊട്ടാരക്കര, കൊല്ലം ജില്ല.

പകർപ്പ് സമർപ്പിക്കുന്നത്:

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ള-യമ്പലം, തിരുവനന്തപുരം – 10.
2. സെക്രട്ടറി, കെ.എസ.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 4.
3. ചെയർ-പേർസൺ, CGRF-SR, വൈദ്യുതി ഭവനം, കെ.എസ്.ഇ.ബി. ലിമിറ്റഡ്, കൊട്ടാരക്കര, PIN: 691 506.